# എഴുത്തിന്റെ ആകാശങ്ങളിൽ ഒരു ജ്യോതിസ്

## ഇന്ത്യൻ– ഇംഗ്ലീഷ് പുതുതലമുറ എഴുത്തുകാരികളിൽ ശ്രദ്ധേയയായ ജ്യോതി മേനോന്റെ വിശേഷങ്ങൾ



ജ്യോതിമേനോന്റ ബാല്യത്തെക്കുറിച്ചുള്ള ഓർമ്മകൾ ചിതറിക്കിടക്കുന്നത് പല രാജ്യങ്ങളിലായാണ്. എയർ ഇന്ത്യയിൽ സീനിയർ ജനറൽ മാനേജരായിരുന്നു അച്ഛൻ കെ. ആർ. രാമചന്ദ്രൻ. പത്തുവർഷത്തിനിടയിൽ അഞ്ചുസ്കൂളുകളിലായി മാറിമാറി പഠിച്ച സ്കൂൾകാലം, കുഞ്ഞുന്നാളിലേ കണ്ടുംകേട്ടുമറിഞ്ഞ പല ദേശങ്ങളിലെ കാഴ്ചകൾ, വിവിധ സംസ്കാരങ്ങൾ ഉൾക്കൊണ്ട് ജീവിച്ച ദിനങ്ങൾ, പലനാടുകളിലായി കെട്ടപ്പെട്ട് കിടക്കുന്ന സൗഹൃദങ്ങൾ..ഈ ജീവിതാനുഭവങ്ങൾ ജ്യോതി എന്ന പെൺകുട്ടിയുടെ മനസ്സിന്റെ ക്യാൻവാസിൽ നിറപ്പകിട്ടാർന്ന ചിത്രങ്ങളായി പതിഞ്ഞുകിടന്നു. ആ ചിത്രങ്ങൾ വാക്കുകളിലൂടെ പകർത്താൻ സ്കൂൾ കാലത്തുതന്നെ ജ്യോതി പേനയെടുത്തു. ഓർമ്മകളും സ്വപ്നങ്ങളും ഭാവനയുടെ ചിറകിലേറി കവിതകളായ് പിറന്നു. കോഴിക്കോട് സെന്റ് ജോസഫ് സ്കൂളിലെ പഠനകാലം. ഒരു ദിവസം ഈ പത്താംക്ളാസുകാരിയെ തേടി ഒരു കവർ പോസ്റ്റിലെത്തി. വേൾഡ് പോയട്രി അസോസിയേഷന്റെ ഫെലോഷിപ്പായിരുന്നു അത്. കുരുന്നു മനസ്സിന്റെ കാവ്യഭാവനയ്ക്ക് ലഭിക്കുന്ന ആദ്യ അംഗീകാരം. ആ ഫെലോഷിപ്പാണ് തന്നിലെ എഴുത്തുകാരിയെ വിളിച്ചുണർത്തിയതെന്ന് ഇന്നും ജ്യോതി വിശ്വസിക്കുന്നു. ഇന്ത്യൻ ഇംഗ്ലീഷ് സാഹിത്യലോകത്തെ പുതിയ വാഗ്ദാനമായ കോഴിക്കോട് തിരുവണ്ണൂർ സ്വദേശി ജ്യോതിമേനോൻ സംസാരിച്ചു തുടങ്ങി.

സുഹൃത്തുക്കൾക്ക് ജ്യോതി വിളിപ്പേരിൽ 'ജ്യോ' ആണ്. കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിൽ നിന്ന് ഗണിതശാസ്ത്രത്തിൽ ബിരുദം നേടിയശേഷം പൂനെ ഡി.വൈ പാട്ടീൽ എൻജിനിയറിംഗ് കോളേജിലേക്കാണ് ജ്യോതി പോയത്. എൻജിനീയറായ ശേഷം മാനവശേഷി വികസന(ഹ്യൂമൻ റിസോഴ്സസ്)ത്തിന്റെ വഴിയിലേക്ക് തിരിഞ്ഞു.




**എന്തെഴുതിയാലും ആദ്യവായനക്കാരൻ അച്ഛനാകണമെന്ന് എനിക്ക് നിർബന്ധമുണ്ട്. അച്ഛന്റെ അഭിപ്രായങ്ങൾ അത്രമേൽ വിലമതിക്കുന്നു. അടുത്ത സുഹൃത്തുക്കളും എഴുത്തിന് പിൻബലമായുണ്ട്**

മൾട്ടിനാഷണൽ ബാങ്കായ ക്രെഡിറ്റ് സ്യൂസേ ബാങ്കിന്റെ ആദ്യ ഇന്ത്യൻ ഡയറക്ടറാണ് ജ്യോതി ഇപ്പോൾ. തിരക്കിനിടയിലും സാഹിത്യം ഒരു കൈവഴിയായി കൂടെക്കൂട്ടി. ഇന്ത്യൻ ഇംഗ്ലീഷ് എഴുത്തുകാരിൽ കമലാദാസിന്റെ എഴുത്തുകളോടായിരുന്നു കൂടുതൽ അടുപ്പം. കവിത കൈവിട്ടു; പകരം കഥകൾ മനസ്സിൽ ഇരിപ്പുറപ്പിച്ചു. താൻ ജോലി ചെയ്യുന്ന എച്ച്. ആർ. വിഭാഗത്തിൽ കണ്ടുമറയുന്ന മുഖങ്ങൾ കഥകൾ തന്നുവെന്ന് പറയാനാണ് ഈ എഴുത്തുകാരി ഇഷ്ടപ്പെടുന്നത്. അനുഭവങ്ങളുടെ വിപുലമായ ലോകം ജ്യോതിയുടെ പേനത്തുമ്പിലൂടെ നോവലായി പുറത്തെത്തി; ദി ഏഞ്ചൽ ഓഫ് ഗോഡ് എന്നാണ് ആ നോവലിന്റെ പേര്.

മനോഹരമായ ഭാഷാശൈലി കൊണ്ടും ഇതിവൃത്തം കൊണ്ടും അനുവാചകമനസ്സിൽ തരംഗം സൃഷ്ടിക്കുന്ന നോവലാണിത്. അബുദാബി, മുംബയ് എന്നിവിടങ്ങളിലായി നടന്ന ചടങ്ങുകളിൽ പ്രമുഖ സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ, ഓസ്കർ അവാർഡ് ജേതാവ് റസൂൽപൂക്കുട്ടി എന്നിവരാണ് നോവൽ പ്രകാശിപ്പിച്ചത്. മുംബയ്, കേരളം, ലിബിയ, മിഡിൽ ഈസ്റ്റ് തുടങ്ങി നിരവധി ദേശങ്ങളിലൂടെ നോവൽ വികസിക്കുമ്പോൾ വായനക്കാരനും കൂടെ സഞ്ചരിക്കുന്നു. മുംബൈ ചേരിയിൽ ജനിച്ച മൂസാഭായ് എന്ന കഥാപാത്രമാണ് നോവലിലെ മുഖ്യകഥാതന്തു. സാഹചര്യങ്ങൾ മൂസാഭായിയെ ക്രിമിനലാക്കുന്നു. ഈ കുറ്റവാളിയിലൂടെ നന്മയും തിന്മയും ഇടചേർന്ന വഴികളിലൂടെ നോവൽ വികസിക്കുന്നു. നമ്മുടെ ഓരോരുത്തരുടെയും ഉള്ളിൽ മാലാഖയും ചെകുത്താനുമുണ്ട്. ആ ബോധമാണ് ഈ നോവൽ രചനയിൽ എന്നിൽ പ്രവർത്തിച്ചത്. ക്രൈമിനെ വാഴ്ത്തുകയല്ല; മറിച്ച് നിശ്ചയദാർഢ്യത്തിന്റെയും സമർപ്പണത്തിന്റെയും കഥയാണിത്- ജ്യോതി പറയുന്നു. ആറുവർഷംകൊണ്ടാണ് ഈ നോവൽ പൂർത്തീകരിച്ചത്. ലളിതമായ ആഖ്യാനശൈലിയാണ് രചന. പത്രപ്രവർത്തകനായ എ.ടി. ബേബിയാണ് പുസ്തകം ദൈവത്തിന്റെ മാലാഖ എന്ന പേരിൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ജേസി ഫൗണ്ടേഷന്റെ 2009ലെ മികച്ച നോവലിനുള്ള അവാർഡും ഈ നോവലിന് ലഭിച്ചിട്ടുണ്ട്.

എഴുത്തിന്റെ മേഖലയിൽ പുതുമുഖമല്ല ജ്യോതി. വ്യക്തിത്വ വികസനത്തിന് സഹായകമാകുന്ന മൂന്ന് പുസ്തകങ്ങൾ ഇതിനകം പുറത്തിറങ്ങിയിട്ടുണ്ട്. ദി പവർ ഒഫ് ഹ്യൂമൻ റിലേഷൻസ്, ബ്രാൻഡ്-വൈസ്, മീ എ വിന്നർ എന്നിവയാണ് ആ പുസ്തകങ്ങൾ. വിവിധ കമ്പനികളിൽ മാനവശേഷി വികസന വിഭാഗത്തിന്റെ തലപ്പത്തിരിക്കുമ്പോൾ നേരിട്ടറിഞ്ഞ അനുഭവങ്ങളാണ് ഈ പുസ്തകങ്ങൾ രചിക്കാനിടയാക്കിയത്. എച്ച്. ആർ രംഗത്തെ പ്രവർത്തന മികവിന് ഒട്ടനേകം പുരസ്കാരങ്ങളും ജ്യോതിയെ തേടിയെത്തിയിട്ടുണ്ട്.

എഴുത്തിന്റെ ലോകത്ത് അച്ഛൻ രാമചന്ദ്രൻ തന്നെയാണ് ജ്യോതിയുടെ വഴിവിളക്ക്. അച്ഛൻ നന്നായി വായിക്കുമായിരുന്നു. ചെറുപ്പത്തിൽ കൂടുതലായും സമ്മാനങ്ങളായി കിട്ടിയിട്ടുള്ളത് പുസ്തകങ്ങളാണ്. അക്ഷരപ്രേമം അങ്ങനെ മനസ്സിൽ മുളപൊട്ടി. ഒന്നാംക്ലാസിൽ പഠിക്കുന്ന കാലത്ത് അച്ഛൻ എനിഡ് ബ്ലൈറ്റന്റെ (Enid Blyton) സമ്പൂർണ സമാഹാരം കൊണ്ടുതന്നു. ആ പുസ്തകം വായിച്ചാണ് വായനയിലേക്ക് പിച്ചവെച്ചത്. സ്കൂൾ കാലത്ത് പ്രസംഗ മത്സരങ്ങൾക്കൊക്കെ ഞാൻ പോയിരുന്നു. ഞാൻ പ്രസംഗിക്കുമ്പോൾ അച്ഛൻ അത് കേൾക്കാനായി സദസ്സിൽ ഏറ്റവും പിന്നിൽ വന്നിരിക്കും. പ്രസംഗം കഴിഞ്ഞാൽ അച്ഛനടുത്തെത്തും. എന്റെ പ്രസംഗത്തിലെ തെറ്റുകുറ്റങ്ങളെല്ലാം അച്ഛൻ പറഞ്ഞുതരും. ആ വിലയിരുത്തലുകളും പ്രോത്സാഹനങ്ങളും എന്നെ വഴിതെളിച്ചു. എന്തെഴുതിയാലും ആദ്യവായനക്കാരൻ അച്ഛനാകണമെന്ന് എനിക്ക് നിർബന്ധമുണ്ട്. അച്ഛന്റെ അഭിപ്രായങ്ങൾ അത്രമേൽ വിലമതിക്കുന്നു. അടുത്ത സുഹൃത്തുക്കളും എഴുത്തിന് പിൻബലമായുണ്ട്- ജ്യോതി വ്യക്തമാക്കി.

ഔദ്യോഗിക ജീവിതത്തിന്റെ തിരക്കിനിടയിലും ഭാവനയുടെ ലോകത്തേക്കെത്താൻ ജ്യോതി സമയം കണ്ടെത്തുന്നു. ജീവിതം വളരെ ചെറുതാണ്. അതിനാൽ ഓരോ നിമിഷത്തിന്റെയും വില വലുതാണെന്ന് ഞാൻ വിശ്വസിക്കുന്നു. തിരക്കിനിടയിലും എഴുത്തിന് സമയം കണ്ടെത്തേണ്ടതുണ്ട്. രാത്രിയിലാണ് കൂടുതലും എഴുതുന്നത്- ജ്യോതി പറയുന്നു.

കുട്ടികൾക്കായുള്ള ഒരു പുസ്തകത്തിന്റെ പണിപ്പുരയിലാണ് ജ്യോതി ഇപ്പോൾ. മകൾ പതിനൊന്ന് വയസ്സുകാരി പൂജയ്ക്ക് പറഞ്ഞുകൊടുത്ത കഥകളടങ്ങിയ ഒരു സമാഹാരമാണത്. നന്നായി പെയിന്റിംഗ് ചെയ്യുന്ന പൂജയുടെ മനസ്സിൽ കഥകൾ കൊണ്ട് അമ്മ വരച്ച ചിത്രങ്ങളുടെ കഥാരൂപമെന്നും ഈ സമാഹാരത്തെ വിശേഷിപ്പിക്കാം. എച്ച്. ആർ. രംഗത്തെ അനുഭവങ്ങൾ വേറിട്ട എഴുത്തുവഴികളിലൂടെ ആവിഷ്ക്കരിക്കണം. എന്റെ എഴുത്തിന്റെ ഐഡന്റിറ്റി അതാകണമെന്ന് വിശ്വസിക്കുന്നു- ജ്യോതി അടിവരയിടുന്നു.

ജ്യോതി മേനോന്റെ വെബ്സൈറ്റുകൾ:
www.jyothimenon.in
www.daivathintemalakha.com
ഇമെയിൽ വിലാസം: jyomenon@gmail.com

SFM
smartfamily09@gmail.com